
ബൈറ്റ്
HosdurG
little KITEs
ജി.എഫ്.എച്ച്.എസ്.എസ് കാഞ്ഞങ്ങാട്

# ആശംസ



ജി എഫ് എച്ച് എസ് കാഞ്ഞങ്ങാട് ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ബൈറ്റ് എന്ന ഡിജിറ്റൽ മാഗസീന് എല്ലാ വിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ

ജി എഫ് എച്ച് എസ് കാഞ്ഞങ്ങാട്

# പത്രാധിപ സമിതി

## ചീഫ് എഡിറ്റർ

എം കെ പ്രഭാകരൻ

## എഡിറ്റേർസ്

സജിത പി വി

ഇന്ദു പി

ചന്ദ്രൻ എം പി

## സ്റ്റുഡന്റ് എഡിറ്റർ

ഫാത്തിമത്ത് റസ്മിയ

## അംഗങ്ങൾ

അഹമ്മദ് റസ

ആയിഷത്ത് ഹസ്ന

റാഷിഫ

അശ്വിൻ കുമാർ കെ പി

ആലിയ ശംസുദ്ദീൻ

നിരഞ്ജന ടി പി

അഷിതാ രാജ്

# ആമുഖം

*പഴയകാലത്തെ പഠനപ്രക്രിയയിൽനിന്നും വിപരീതമായി സാങ്കേതികവിദ്യയിലൂന്നിയ പഠനങ്ങൾ ഇന്ന് വ്യാപകവും സർഗാത്മകവുനായിരിക്കുന്നു.സാങ്കേതികവിദ്യയോടുള്ള കുട്ടികളുടെ അഭിനിവേശം പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സ്കൂളുകളിൽ ഹൈടെക്ക് വിദ്യാഭ്യാസപദ്ധതിയും അതുപോലെ തന്നെ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മയും നിലവിൽ വന്നത് അതിന്റെ തുടർപ്രവർത്തനമെന്നോണം ജി എഫ് എച്ച് എസ് കാഞ്ഞങ്ങാട് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ "'ബൈറ്റ് " എന്ന ഡിജിറ്റൽ മാഗസീൻ പുറത്തിറക്കുന്നത് തീർച്ചയായും ഇത് ഞങ്ങളുടെ ഐ ടി പഠനത്തിൽ ഒരു മുതൽക്കൂട്ടാവും എന്ന പ്രതീക്ഷയോടെ സമർപ്പിക്കുന്നു..............................................*

*എന്ന്*

*എഡിറ്റേർസ്*

# പത്രാധിപസമിതി





**ആശംസകളോടെ**

പരിസ്ഥിതി ക്ലബ്ബ്

വിദ്യാരംഗം സാഹിത്യ വേദി

സയൻസ് ക്ലബ്ബ്

അറബിക്ക് ക്ലബ്ബ്

# ഉള്ളടക്കം

## വ്യക്തി പരിചയം

ശ്രീനാരായണ ഗുരു - 6
കുമാരനാശാൻ - 13
[illegible] - 19
പൊൻകുന്നം വർക്കി - 28
വയലാ വാസുദേവൻ പിള്ള - 41

## കവിത

മഴത്തുള്ളി - 7
ജലം ജീവാമൃതം - 21
പൂമ്പാറ്റ - 31

## ഗണിത കോർണർ

മധുരിക്കുന്ന മാത്തമാറ്റിക്സ് - 10
ശ്രീനിവാസ രാമാനുജൻ - 38

## ആസ്വാദനക്കുറിപ്പ്

• [illegible] - 11
• കുട്ടികളുടെ സയൻസ് പ്രോജക്ടുകൾ - 12
• ആ വാഴവെട്ട് - 22
• അറബിക്കഥകൾ - 26
• 50 [illegible] കഥകൾ - 27
• സുന്ദരികാക്ക - 30

## കഥ

• തത്തമ്മയുടെ കൗശലം - 8, 9
• സങ്കടങ്ങളിൽ നിന്നും സന്തോഷത്തിലേക്ക് : 32, 33
• സ്നേഹത്തിന്റെ കൈകൾ - 42

• അറബിക് കോർണർ - 14
• യാത്രാവിവരണം: തെലങ്കാന നഗരിയിലെ കാഴ്ചകൾ : 20
• ചിത്രശാല : പ്രകൃതി - 24, ഉത്സവം - 23
• പുസ്തകപരിചയം : ബാലപ്പൂക്കൾ - 39
• കഥാപാത്രപരിചയം എട്ടുകാലി മമ്മൂഞ്ഞ് : 40
• സ്കൂൾ പ്രവർത്തന കാഴ്ചകൾ - 34, 35, 36, 37
• English Corner : Pet Prize - 25

**വ്യക്തി പരിചയം**

**ഷഹാന ഫർവീൻ**

# ശ്രീ നാരായണ ഗുരു

*തിരുവനന്തപുരം ജില്ലയിലെ പ്രശാന്തസുന്ദരമായ*
*ചെമ്പഴന്തി എന്ന ഗ്രാമത്തിലാണ് ഗുരുദേവൻ*
*പിറന്നത്. പിതാവ്-മാടനാശാൻ മാതാവ്-കുട്ടിയമ്മ.*
*നാണു എന്നായിരുന്നു കുട്ടിക്കാലത്തെ പേര്*
*പിൽക്കാലത്ത് കേരളത്തിന്റെ സാമൂഹ്യമായ*
*ഉയർച്ചയ്ക്ക് വേണ്ടി അദ്ദേഹം പ്രയത്നിച്ചു.*
*മനുഷ്യരെല്ലാം ഒരു ദൈവത്തിന്റെ മക്കളാണെന്ന്*
***ഗുരുദേവൻ പ്രഖ്യാപിച്ചു.1928 -ൽ അദ്ദേഹം സമാധിയടഞ്ഞു***

കവിത

അനഘ മനോജ്

# *മഴത്തുള്ളി*

*പോകല്ലേ......പോകല്ലേ*
*ഞങ്ങളെ കൈവിട്ടു നാക -*
*ത്തേക്കാൻ മഴത്തുള്ളികളേ .......*
*പുല്ലുകളിങ്ങനെ പച്ച*
*വിരിച്ചിട്ട്*
***നിങ്ങളാൽ മിന്നുന്ന റാണി മാരായ് .....***

കഥ ആയിഷത്ത് ഹസ്ന

# തത്തമ്മയുടെ കൗശലം

ഒരിക്കൽ ഒരിടത്തൊരു കാട്ടിൽ പക്ഷികൾക്കെല്ലാം ഭീഷണിയായി ഒരു കരടി പാർത്തിരുന്നു.രാത്രിയിൽ പക്ഷികൾ ഉറക്കമാകുമ്പോൾ ഓരോ മരത്തിലും കയറി പക്ഷിക്കൂട്ടിലെ കുഞ്ഞുങ്ങളെ പിടിച്ചുതിന്നുക അവൻ പതിവാക്കി വന്നു.

ഏതു വിധേനയായും ആ ദുഷ്ടനെ നശിപ്പിച്ചില്ലെങ്കിൽ തങ്ങളുടെ വംശം തന്നെ ഇല്ലാതാകും എന്ന ഭയന്ന പക്ഷികൾ കൗശലക്കാരിയായ തത്തമ്മയെ സമീപിച്ച് സങ്കടമുണർത്തി.അവരുടെ ദുഃഖത്തിന് പരിഹാരം കാണാമെന്ന് തത്തമ്മ വാക്കുകൊടുത്തു.ഉടൻ തന്നെ തത്ത പറന്നുചെന്ന് കരടിയെ സമീപിച്ച് ഇപ്രകാരം പറഞ്ഞു:'ഈ കാട്ടിലെ രാജാവ് കരടിച്ചേട്ടനാകണമെന്നാണ് ഞങ്ങളുടെയെല്ലാം ആഗ്രഹം.മറുത്തൊന്നും പറയാതെ ചേട്ടനതിന് സമ്മതിക്കണം'.കരടിയുടെ സന്തോഷത്തിന് അതിരില്ലായിരുന്നു.അവൻ പറഞ്ഞു:'നിങ്ങളുടെയൊക്കെ ആഗ്രഹം അതാണെങ്കിൽ എനിക്ക് സമ്മതിച്ചല്ലേ മതിയാകൂ'.കരടിയുടെ മറുപടി കേട്ട തത്ത തുടർന്നു:'നാളെയാണ് കിരീടധാരണം നിശ്ചയിച്ചിരിക്കുന്നത്.അതിനായി ചേട്ടൻകാലത്ത് പത്തുമണിക്ക് കുളത്തിൻ കരയിലുള്ള അരയാലിൻ കൊമ്പിൽ കയറിയിരിക്കണം.'കരടി പറഞ്ഞു:"കൃത്യ സമയത്ത് തന്നെ ഞാനെത്താം".പിറ്റേന്ന കാലത്ത് പത്ത് മണിക്ക് മുമ്പായി തന്നെ കരടി കുളക്കരയിലുള്ള കൂറ്റൻ അരയാലിന്റെ കൊമ്പിൽ ഇരിപ്പുറപ്പിച്ചു.കിരീട ധാരണത്തിനു സമയമായി.മറ്റു പക്ഷികളോടൊപ്പം അവിടെ പറന്നെത്തിയ തത്ത തങ്ങൾ രാജാവാക്കാൻ പോകുന്ന കരടിയുടെ തലയിൽ ഇലകൾ കൊണ്ടുണ്ടാക്കിയ ഒരു വലിയ തൊപ്പി വെച്ച് കൊടുത്തു.അത്ഭുതമെന്നു പറയട്ടെ അധിക സമയം കഴിഞ്ഞില്ല,ആ കൂറ്റൻ അരയാലിന്റെ ഉയരമുള്ള കൊമ്പിൽ നിന്നും പിടഞ്ഞു പിടഞ്ഞ് താഴെയുള്ള കുളത്തിലേക്ക് വീണ കരടി വെള്ളം കുടിച്ച് ചത്തു!

ഇതെങ്ങനെ നിഷ്പ്രയാസം സാധിച്ചു എന്ന മട്ടിൽ മറ്റു പക്ഷികളെല്ലാം

സംശയത്തോടെ തത്തയുടെ മുഖത്ത് നോക്കി ഒരു ചെറു പുഞ്ചിരി വിടർത്തി ആ കൗശലക്കാരി ഇപ്രകാരം പറഞ്ഞു:'കരടിയുടെ തലയിൽ ഞാനണിയിച്ച തൊപ്പിയിൽ നിറയെ കടന്നലുകളായിരുന്നു.ആ കടന്നൽ കുത്തേറ്റാണ് അവൻ പിടഞ്ഞ് വെള്ളത്തിലേക്ക് വീണത്. താഴെ വീണാലും അവനൊരിക്കലും രക്ഷപ്പെടരുതെന്ന കരുതിയാണ് കിരീടധാരണത്തിനായി ഈ സ്ഥലം തന്നെ തെരഞ്ഞെടുത്തത്.' തത്തമ്മയുടെ വാക്കുകൾ കേട്ട മറ്റു പക്ഷികൾ ആ കൊച്ചു സുന്ദരിയുടെ കൗശലത്തെ പുകഴ്ത്തി.

*ഗണിതകോർണർ* *അഹമ്മദ് റസ*

# മധുരിക്കുന്ന മാത്തമാറ്റിക്സ്

ആധുനിക കഥാകൃത്തിൽ ഒരാളായിരുന്ന പി.റ്റി തോമസ്. മധുരിക്കുന്ന മാത്തമാറ്റിക്സ് എന്ന കഥയുടെ ആസ്വാദനമാണ് എഴുതുന്നത്. കാട്ടു മനുഷ്യൻ എണ്ണിയത് എങ്ങനെ പൂജ്യം ,കണ്ടു പിടിച്ചതാര്. മിന്നൽ വേഗത്തിൽ ഗുണിക്കുന്നതെങ്ങനെ, ഊരാക്കുടുക്ക് അഴിക്കാൻ കഴിയുമോ തുടങ്ങിയ അനേകം ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു.

പരഹൃദജ്ഞാനം,പ്രവചനം,മാജിക് മുതലായ വിദ്യകളുടെ അടിയിൽ കണക്ക് ഒളിച്ചിരിക്കുന്നതെങ്ങനെയെന്ന് തുറന്നു കാട്ടുന്നു.

വഴി തെറ്റിക്കുന്ന കണക്കുകൾ, കണക്കിലെ കടങ്കഥകൾ, അമ്പരിപ്പിക്കുന്ന കണക്കുകൾ, പരമരഹസ്യം,വിശ്വസിച്ചാലും ഇല്ലെങ്കിലും എന്നീ അധ്യായങ്ങൾ ഈ പുസ്തകത്തെ കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ രസകരവും വിജ്ഞാനപ്രദവും ആകുന്നു.കൂടാതെ പ്രവേശന പരീക്ഷകൾക്കും ടെസ്റ്റുകൾ തയ്യാറാക്കുന്നവർക്ക് പ്രയോജന പ്രദമായ നിരവധി പ്രശ്നങ്ങളും അവയുടെ ഉത്തരങ്ങളും ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്നു.കുട്ടികൾക്ക് കണക്ക് മധുരാനുഭൂതി ആക്കിത്തീർക്കാൻ അധ്യാപകരെയും ഈ പുസ്തകം സഹായിക്കും എന്നതിൽ തർക്കമില്ല. വീട്ടിലൊരു ലബോട്ടറി,ശാസ്ത്രം സാധാരണ ജീവിതത്തിൽ ,ജീവനുള്ള ഉപകരണങ്ങൾ ,അവിശ്വസിക്കേണ്ട വിശ്വാസങ്ങൾ, അമ്പരിപ്പിക്കുന്ന ശാസ്ത്രം, നമ്മുടെ തീരങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുട്ടികൾക്കും അധ്യാപകർക്കും സാധാരണ ജനങ്ങൾക്കും രസകരമായി വായിച്ചു മനസ്സിലാക്കാവുന്ന ലേഖനങ്ങൾ ഇതിൽ ധാരാളം ഉണ്ട്. സ്കൂളിൽ ചേരുന്ന കുട്ടികൾ ആദ്യം അധ്യാപകരെ സ്നേഹിക്കുന്നു, തുടർന്ന് അവർ പഠിക്കുന്ന വിഷയത്തെ സ്നേഹിക്കുന്നു.

സമർത്ഥരായ അധ്യാപകർക്ക് ഏതു വിഷയത്തേയും രസകരമാക്കി പഠിക്കുവാൻ കഴിയും.കണക്ക് ഇതിന് ഒരു അപവാതമാണ് കൂട്ടമായും ഒറ്റയ്ക്കും ചെയ്തു രസിക്കാവുന്ന നിരവധി പ്രശ്നങ്ങളും മാജിക്കുകളുംഈപുസ്തകത്തിൽ കൊടുത്തിട്ടുണ്ട്.

*ആസ്വാദനകുറിപ്പ്* *അശ്വിൻ കുമാർ കെ പി*

# ഖലീഫ കഥകൾ

മഹമൂദ് മാട്ടൂലിന്റെ ഖലീഫാ കഥകൾ എന്ന കഥ എനിക്ക് വളരെ ഇഷ്ടപ്പെട്ടു.ഉമർ ഫാറൂഖ്,ഹാറൂൺ അൽ റഷീദ് തുടങ്ങിയ ചരിത്ര പ്രസിദ്ധി നേടിയ ഖലീഫമാരെപ്പറ്റിയാണ് മഹമൂദ് എഴുതിയിട്ടുള്ളത്.അവരുടെ നീതിബോധം,ഉദാരത,സ്നേഹശീലം,കൃതജ്ഞതാബോധം,വിട്ടുവീഴ്ച്ച തുടങ്ങിയ ഗുണങ്ങൾ ഇവിടെ നീളേ വാഴ്ത്തപ്പെടുന്നു.അവിശ്വസിനീയവും അസാധാരണവുമായ രീതിയിൽ ഇത്തരം, മനോഗുണങ്ങൾ ആവിഷ്ക്കാരം നേടുന്ന രംഗങ്ങൾ ഇതിൽ ചിത്രീകരിക്കുന്നു.പശ്ചിമേഷ്യയും അറേബ്യയും ഒരുകാലത്ത് കലകളുടേയും കഥകളുടേയും കേന്ദ്രമായിരുന്നു.വ്യക്തി വൈരാഗ്യത്തിന്റെയും മൗലിക വാദത്തിന്റെയും മതാന്ധതയുടെയും നിഴൽ പോലും ഏൽപ്പിക്കാതെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരുപാട് നന്മയുടെ കഥകൾ ഈ മണ്ണിന്റെ സ്വന്തമാണ്.അത്തരം ചില കഥകൾ കുട്ടികൾക്കു ഗ്രഹിക്കാൻ കഴിയും വിധം ലളിതമായ ഭാഷയിൽ പുനരാഖ്യാനം ചെയ്തിരിക്കുകയാണ് ഈ പുസ്തകത്തിൽ. ഈ പുസ്തകം വായിച്ചപ്പോൾ എനിക്ക് കുറേ കാര്യങ്ങൾ അറിയാൻ പറ്റി. നമ്മളെ ഏതെങ്കിലും ഒരു ആപത്തിൽ നിന്ന് രക്ഷപ്പെടുത്തിയ ആൾക്ക് ആപത്ത് വന്നാൽ അവരെ രക്ഷിക്കേണ്ട കടമ നമ്മുടേതാണ് എന്നാണ് ഇതിൽ നിന്നുള്ള പാഠം

*ആസ്വാദനകുറിപ്പ്*

*ഷഹീറ നസറീൻ*

# കുട്ടികളുടെ സയൻസ് പ്രൊജക്റ്റുകൾ

*ഈ കഥ  എഴുതിയത് ശിവദാസാണ്. ഈ കഥ എനിക്ക് വളരെ ഏറെ ഇഷ്ടപ്പെട്ടു. സയൻസ് പ്രൊജക്റ്റുകളുടെ രഹസ്യങ്ങളിലൂടെ ശാസ്ത്ര പഠനത്തിന്റെ എരിവും മധുരവും ആഹ്ലാദവും വ്യക്തമാക്കുന്ന ഒരു പോപ്പുലർ സയൻസ്.*

*കുട്ടികൾക്ക് ചെയ്തു രസിക്കാൻ 101 സയൻസ് പ്രൊജക്റ്റുകളും ഉണ്ട്.എല്ലാവരും വായിച്ചാൽ ഇഷ്ടപ്പെടുകയും ചെയ്യുന്ന കഥയാണ് കുട്ടികളുടെസയൻസ് പ്രൊജക്റ്റുകൾ. ഇതിൽ സയൻസിനെ കുറിച്ചാണ് കൂടുതൽ കഥയും.*

*വ്യക്തി പരിചയം*

*വിനയപ്രിയ.ടി*

# കുമാരനാശാൻ

*ആധുനിക കവിത്രയങ്ങളിൽ പെട്ട കവി.ചിറയിൻകീഴിലെ കായിക്കര ഗ്രാമത്തിൽ 1873 ൽ ജനിച്ചു.14-ാം വയസ്സിൽ നാലാം ക്ലാസ്സ് പാസായി.പിന്നീട് ശ്രീനാരായണഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ച് അരുവിക്കരയിൽ താമസമാരംഭിച്ചു.1903 ൽ എസ.എൻ.ഡി.പി യോഗത്തിൽ ആദ്യ ജനറൽ സെക്രട്ടറിയായി.1907 ൽ സാഹിത്യ രംഗത്ത് പ്രവേശിച്ചു.വീണപൂവ് മിതവാദിയിൽ പ്രസിദ്ധീകരിച്ചു.ഒരു സിംഹപ്രസവം,നളിനി,ലീല,ശ്രീബുദ്ധചരിതം ബാലരാമായണം,പ്രരോദനം,ചിന്താവിഷ്ടയായ സീത,ദുരവസ്ഥ,ചണ്ഡാലഭിഷുകി,കരുണ തുടങ്ങിയവ പ്രധാന കൃതികൾ.1924 ജനുവരി 16-ാം തീയതി പല്ലനയാറ്റിൽ വെച്ചുണ്ടായ ബോട്ടപകടത്തിൽ മരണമടഞ്ഞു.*



تقع ولاية كيرلا الهندية على الساحل الجنوبي لشبه القارة الهندية.وهي الولاية الاستوائية بالهند، حيث

الأمطار الموسمية تتميز كيرلا بطبيعة خاصة تميزها عن بقية أنحاء شبه القارة الهندية.

تطل على المحيط الهندي، وبها القنوات المائية والغابات الاستوائية وبها الجبال المل هناك صحراء وإنم الأشجار والمراعي الخضراء تلف بكيرالا بكاملها. تمتاز بمناطقها الجميلة الخلابة ذات الطابع الاستوائي. سلطان بتيري هي واحدة من الأماكن السياحية الهامة في ولاية كيرالا.

جذبت ولايه كيرلا على مر العصور التجار والباحثين عنالبهارات والعاج، ولذلك قصدها الفينيوالرومانوالصينيون.كما وصلها الملاح البرتغالى ((فاسكو دا غاما)) عام 1498، وابحر إليها الهولنديون عام 1604 ،اما الإنجليزفاحتلوها رسميا عام 1800 بالرغم من وجودهم في البلادقبل عشرات السنين. نالت كيرلا الاسقلال مع بقية الولايات الهندية في 15 أغسطس عام 1947. تحمل كيرلا اليوم لقب ((الولاية المثقفة)) لان نسبة طلاب المدارسوالجامعات فيها في ارتفاع مستمر، ولكنها لا تزال من افقر الولايات الهند

prepared by:arabic club students

.

യാത്രാനുഭവം

ഫാത്തിമത്ത് ഷാഹിന

# തലസ്ഥാന നഗരിയിലെ കാഴ്ചകൾ

ഡൽഹി,അതാണ് നമ്മുടെ തലസ്ഥാനം.ഡൽഹിയിലെ കാണാൻ ഒരുപാടുണ്ട്.ചെങ്കോട്ട,കുത്തബ് മിനാർ,ജുമുഅ മസ്ജിദ് അങ്ങനെ നീണ്ടുനിൽക്കും.ഞാൻ ഒരു മഖ്ബറക്കടുത്തുള്ള ലോഡ്ജിലാണ് താമസിച്ചത്.ഒരു ദിവസമേ ഡൽഹിയിൽ ഉണ്ടായിരുന്നുള്ളു.ലോഡ്ജിന്റെ അടിത്തുള്ള കേരള ഹോട്ടലിൽ നിന്നാണ് ഭക്ഷണം കഴിച്ചത്.അവിടെ ഞങ്ങൾ ട്രാവലറിലാണ് കാണാൻ പോയത്.ട്രാവലറിന്റെ ഡ്രൈവർക്ക് ഡൽഹിയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളൊക്കെ അറിയാം.ആദ്യം നമ്മൾ ചെങ്കോട്ടയിലേക്കാണ് പോയത്.ഇതിനടുത്താണ് ജുമുഅ മസ്ജിദ്. അവിടേക്കും പോയി.കുത്തബ് മിനാറിലേക്കാണ് പോയത്.റോഡിലൂടെ നടക്കുമ്പോൾ നമ്മുടെ തലന്റെ മുകളിൽ വിമാനങ്ങൾ പോകുന്നത് കാണാം.

പിന്നെ ഞങ്ങൾ രാജ്ഘട്ട്,രാഷ്ട്രപതി ഭവൻ,ഇന്ത്യ ഗേറ്റ്,ഇന്ധിര ഗാന്ധിയുടെയുംരാജീവ് ഗാന്ധിയുടെയും മ്യൂസിയം എന്നിവിടങ്ങളിൽ പോയി.മ്യൂസിയം കണ്ട് പുറത്തിറങ്ങിയാൽ ഇന്ധിര ഗാന്ധി, രാജീവ് ഗാന്ധി തുടങ്ങിയവരിടെ ശവശരീരങ്ങൾ കാണാം.അതും കഴിഞ്ഞ് മടങ്ങുന്ന വഴിയാണ് രാജ്ഘട്ടും രാഷ്ട്രപതിഭവനും ഇന്ത്യ ഗേറ്റും കണ്ടത്.പഞ്ചപാണ്ഡവന്മാരുടെ കാലത്തിണ്ടായ ഒരി കെട്ടിടവും കണ്ടിരുന്നു.

പിന്നെ ഇന്ത്യൻ സൈനികർ താമസിക്കുന്ന സ്ഥലവും നരേന്ദ്ര മോദി കുറച്ച് കാലം താമടസിച്ചവസതിയും കണ്ടു.പിന്നെ ഞങ്ങൾ ലോഡ്ജിലേക്ക് പോയി. അവിടെ നിന്ന് റെയിൽവേ സ്റ്റേഷനിലേക്കും.അവസാനം തിരിച്ച്കേരളത്തിലേക്ക് വന്നു.

# കടങ്കഥകൾ

* തീയിലിട്ടാൽ ചട പട നീരിലിട്ടാൽ മിണ്ടില്ല
**ഉപ്പ്

*ചുകന്നമേനി ചുകന്നകുപ്പായം പച്ചയ്ക്കരിയും വെന്താൽ മധുരം
**ഉള്ളി

*ഹാഹ്ഹ കാടപ്പാ കുറച്ചു കഴിഞ്ഞു കാടില്ല
**പുക

* ഇരുതല നേർത്തും നടുവീർത്തും കിണ്ണം കിണ്ണം കിണ കിണ്ണം
**മദ്ദളം

* കൈയുണ്ട് മെയ്യുണ്ട് കാലില്ല തലയില്ല
**ഷർട്ട്

* ഒരു കൊട്ടയിൽ രണ്ടു മുല്ലമൊട്ടുമാല
**പല്ല്

* വെള്ളി കിണ്ണം തുള്ളിതുള്ളി
**അരി തിളയ്ക്കുക

* നിലം കിളച്ച് ഉരുളി പുറത്തെടുത്തു
**ചേന

* പിടിച്ചാൽ ഒരു പിടി അരിഞ്ഞാൽ ഒരു മുറം
**ചീര

* പകലെല്ലാം മിന്നി മിന്നി രാത്രി ഇരുട്ടറയിൽ
**കണ്ണ്

* കൊമ്പിൻമേൽ തുളയുള്ള കാള
    **കിണ്ടി

* ചട്ടിത്തലയൻ ചന്തയ്ക്കുപോയി
    **മത്തൻ

* നിലം കീറി പൊന്നെടുത്തു
    **മഞ്ഞൾ

* മാനത്തെ മുട്ടയ്ക്കു പിടിക്കാൻ ഞെട്ടില്ല
    **ചന്ദ്രൻ

* താഴെയും മുകളിലും തട്ടിട്ടിരിക്കുന്ന കുഞ്ഞിരാമൻ
    **ചെണ്ട

* മക്കളെ കൊല്ലിത്തള്ള
    **തീപ്പെട്ടി

**തയ്യാറാക്കിയത്: മേഘ.എൻ.എച്ച്**

# പഴഞ്ചൊല്ലുകൾ

* സമ്പത്തു കാലത്തു തൈ പത്തു വച്ചാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം.

* വിത്തു ഗുണം പത്തു ഗുണം.

* ഒത്തു പിടിച്ചാൽ മലയും പോരും.

* എല്ല് മുറിയെ പണിതാൽ പല്ല് മുറിയെ തിന്നാം.

* ചട്ടുകമെന്ത് സ്വാദറിഞ്ഞു.

* പല തുള്ളി പെരു വെള്ളം.

*മെല്ലെ തിന്നാൽ മുള്ളും തിന്നാം.

തയ്യാറാക്കിയത്:നിരജ്ഞന.ടി.പി

**വ്യക്തി പരിചയം**

# ചങ്ങമ്പുഴ കൃഷ്ണപിള്ള



എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ ഒക്ടോബർ 10 ന് ജനിച്ചു.കാൽപനികാപ്രസ്ഥാനത്തിലൂടെ പുതിയൊരു സൗന്ദര്യസങ്കൽപ്പം മലയാളകവിതയിൽഅവതരിപ്പിച്ചു. മംഗളോദയം മാസികയുടെ പത്രാധിപസമിതി അംഗമായിരുന്നു.1948 ജൂൺ17 ന് അന്തരിച്ചു.

പ്രധാനകൃതികൾ: രമണൻ,യവനിക,താമരപൂക്കൾ,തിലോത്തമ,സ്പന്ദിക്കുന്ന അസ്ഥിമാടം,ബാഷ്പാഞ്ജലി തുടങ്ങിയവ.

# നക്ഷത്രങ്ങൾ

1.അശ്വതി
2.ഭരണി
3.കാർത്തിക
4.രോഹിണി
5.മകയിരം
6.തിരുവാതിര
7.പുണർതം
8.പൂയ്യം
9.ആയില്ല്യം
10.മകം
11.പൂരം
12.ഉത്രം
13.അത്തം
14.ചിത്തിര
15.ചോതി
16.വിശാഖം
17.അനിഴം
18.തൃക്കേട്ട
19.മൂലം
20.പൂരാടം
21.ഉത്രാടം
22.തിരുവോണം
23.അവിട്ടം
24.ചതയം
25.പൂരുരുട്ടാതി
26.ഉത്രട്ടാതി
27.രേവതി









*തയ്യാറാക്കിയത് അശ്വതി കെ*

*കവിത*

*ആലിയ ശംസുദ്ദീൻ*

# ജലം ജീവാമൃതം



പാടത്തിലൂടെ നടക്കുന്നേരം
വാടിയ ചെടികൾ കണ്ടു ഞാൻ
മേഘം മൂടിയ മാനം നോക്കി
മഴയെ മാടി വിളിച്ചു ഞാൻ
പൊടികൾ പറത്തിയണിഞ്ഞു
വേഗം

വീശിയടിക്കും കുളിർ കാറ്റ്
ഇടിയുള്ള ശബ്ദം കേട്ടിടും നേരം
ഓടായൊളിച്ചു വീട്ടിൽ ഞാൻ
കുടു കുടെ മഴയതു പെയ്യൊരു നേരം
മോടിയിലാടി ചെടിയെല്ലാം

**ആസ്വാദന കുറിപ്പ്**


**സന്ദീപ്.ടി.പി**

# ആ വാഴവെട്ട്

പൊൻ കുന്നം വർക്കി എഴുതിയ ഇപ്പോൾ
സമൂഹത്തിൽ നടക്കുന്ന നിയമങ്ങളും നിർണയങ്ങളും ചൂണ്ടി കാണിക്കുന്ന ഒരുകഥയാണ് 'ആ വാഴവെട്ട്.' സമൂഹത്തിൽ നടക്കുന്ന കൊള്ളരുതായ്മ വരും തലമുറയ്ക്ക് പകർന്ന് ഒരു പുതു ലോകം സൃഷ്ടിച്ചെടുക്കാൻ ഈ കഥയൊരു പ്രചോദനമാണ്
തുണയില്ലാത്ത ജീവിതങ്ങളുടെ ഭയമാണ് ഇന്നത്തെ ഗവൺമെന്റ് അവരുടെ സ്വന്തം താൽപര്യങ്ങൾ ജനങ്ങളിലേക്ക് അടിച്ചമർത്തുകയാണ് പുതിയ നിയമങ്ങളും ചട്ടങ്ങളും.
മൃഗങ്ങളുടെ അത്ര പോലും ബന്ധിയും വിവേഗവും ഇല്ലാത്ത മനുഷ്യൻ മനുഷ്യന്റെ വംശം തന്നെ ഓരോ പ്രവൃത്തിയിലൂടെ ഇല്ലാതാക്കുന്നു ഇങ്ങനെ ചെയ്യുന്ന ഗവൺമെന്റ് മനസ്സിലാക്കുന്നില്ല ഇതിനൊക്കെ ബലി കൊടുക്കുന്നത് ഓരോ പാവപ്പെട്ട ജീവിതങ്ങളാണ്. പണക്കാർക്ക് താഴ്ന്ന നിലയിലുള്ള റേഷൻ കാർഡും പാവപ്പെട്ടവർക്ക് ഉന്നത നിലയിലുള്ളകാർഡുമാണ് സർക്കാർ കൊടുക്കുന്നത്.ഇതിനൊക്കെയുള്ള ഒരു ഉദാഹരണമാണ് 'ആ വാഴവെട്ട് 'എന്ന കഥയിലെ കഥാപാത്രമായ മാർക്കോസ് ചേട്ടനും കുടുംബവും

"ഇതിനെതിരെ ഇന്നത്തെ വിദ്യാർത്ഥികൾ
പോരാടും എന്ന് ഞാൻ വിശ്വസിക്കുന്നു"

# ഉത്സവം



# പ്രകൃതി





*ENGLISH CORNER*

# PET PRIZE

**It was school fair day.There was going to be the best pet competition.Amit's friends had brought their pets.Anand had a parrot.Raman had a cat.Deepak had his rabbit,Sooty.''I wish I had a pet'', said Amith.Miss Bell was going to judge the competition.Her dog Chip,had come too.Chip was small and had a very waggy tail.**

**''Can I pet him?''asked Amith.**

**''Yes'',said Miss Bell.''He's very friendly''**

**Amit patted Chip.Chip wagged his tail happily.**

**''I wish I had a pet like you'',whipered Amith to Chip.**

**Chip braked understandingly.**

**Miss Bell looked at the pets.**

**She looked at a rabbit,two parrots,four mynahs,one cat,three mice,two dogs........**

**''And the prize for the best-groomad pet goes to.....Raman's cat!''**

**She said,giving him a medal.**

**Anand's parrot won the prize for the frindliest pet.**

**Deepak's rabbit won the prize for the most well-behaved pet.**

**Amith wished more and more that he had a pet of his own to enter in the competition.**

**Then,Miss Bell looked around.''Where is Chip?''.She asked.Chip was missing!.''We must find him!'' said Miss Bell.She was very worried.**

**''I will go and look for him'',said Amit.**

**He looked in the raffle stall.Chip wasn't there either.Suddently,Amit saw a wagging tail.He looked under the cake stall and there was Chip.**

*Eating the crumbs*

*ആസ്വാദനകുറിപ്പ്*

*നന്ദന.ഒ.വി*

# അറബിക്കഥകൾ

ഹൃദയകത്തെ മാന്ത്രികമായി ആവാഹിക്കുന്ന മനുഷ്യന്റെ സമസ്ത ഭാവങ്ങളെയും ഉഷസ്സിനെ പോലെ ഉണർത്തുന്ന ലോകക്ലാസിക്കാണ് ആയിരത്തൊന്ന് രാത്രികൾ എന്ന പേരിൽ അറിയപ്പെട്ട അറബിക്കഥകൾ. ഈ വിസ്മയിപ്പിക്കുന്ന സൗന്ദര്യമാണ്.അവ പഞ്ചേന്ദ്രിങ്ങളെ മധുരിപ്പിക്കുന്നു.ലഹരി പിടിപ്പിക്കുന്നു.വിശ്വസാഹിത്യകാരന്മാരെ പ്രചോദിപ്പിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്ത കഥകളുടെ രാജധാനിയാണ് ആയിരത്തൊന്ന് രാത്രികൾ.ശൃംഗാരവും ഹാസ്യവും കരുണവും രൗദ്രവും വീരവും ഭയാനകവും ബീഭത്സവും അത്ഭുതവും ശാന്തയും നവരസങ്ങളും ഉത്കൃഷ്ടകൃതികളും അലതല്ലുന്ന കഥകളുടെ പാരാവാരം.

വിശ്വസാഹിത്യത്തിലെ പല ഉത്കൃഷ്ടകൃതികളും മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തിട്ടുള്ള എം.പി സദാശിവനാണ് ഇതിന്റെ പുനരാഖ്യാനം നിർവ്വഹിച്ചിട്ടുള്ളത്.ആയിരത്തൊന്ന് രാത്രികൾ ഒരു നീണ്ടുനിൽക്കുന്ന ഒരു കഥയാണ്.

ആസ്വാദനകുറിപ്പ്

ആദിത്യ

# 50 യൂറിക്ക കഥകൾ

പ്രശസ്ത സാഹിത്യകാരൻ കേശവൻ വെള്ളിക്കുളങ്ങര എഴുതിയ കഥകളിൽ ഒന്നാണ് അമ്പത് യൂറിക്ക കഥകൾ.'കേട്ടത് മറക്കും കണ്ടത് ഓർക്കുംചെയ്തത്പഠിക്കും'എന്നൊരു പഴമൊഴിയുണ്ട്.അത് കൊണ്ട് കുട്ടികൾക്ക് കേൾക്കാനും കാണാനും ചെയ്യാനും കഴിയുന്ന ജീവിതാനുഭവങ്ങളിൽ ശാസ്ത്രാംശം കൂടിക്കലർന്ന ഒരു രചനാരീതിയാണ് ഈ കഥകളിൽ സ്വീകരിച്ചിട്ടുള്ളത്.

ശാസ്ത്രസമ്പന്ധിയായ സംശയങ്ങൾക്ക് പ്രവർത്തനത്തിലൂടെ ഉത്തരം കണ്ടെത്താൻ ഈ ബുക്ക് സഹായിക്കും.50 യൂറിക്ക കഥയിൽ എനിക്ക് വളരെ ഇഷ്ടപ്പെട്ടത് ആപ്പിൾ മുറിച്ചാൽ എന്നത്.അതിൽ പറയുന്നത് ആപ്പിളിൽ ഇരുമ്പിന്റെ അംശമുണ്ട്.മുറിച്ച് വെക്കുമ്പോൾ അന്തരീക്ഷത്തിലെ ഓക്സിജനുമായി ചേരും.അപ്പോൾ നിറം മാറും.എനിക്ക് ഈ കഥ വളരെ അധികം ഇഷ്ടപ്പെട്ടു.

*വ്യക്തി പരിചയം*

# പൊൻകുന്നം വർക്കി

ആലപ്പുഴ ജില്ലയിലെ എടത്വായിൽ ജനനം.നോവലിസ്റ്റ്, കഥാകൃത്ത്, നാടകകൃത്ത്,തിരക്കഥാകൃത്ത്,സാഹിത്യപ്രവർത്തകസംഘം പ്രസിഡന്റ്,കേരളസാഹിത്യഅക്കാദമി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.ശബ്ദിക്കുന്ന കലപ്പ,സർഗം നാണിക്കുന്നു,കതിരുകാണാകിളി,എന്റെ വഴിത്തിരിവ്(ആത്മകഥ) തുടങ്ങിയവ പ്രധാന കൃതികൾ.എഴുത്തച്ചൻ പുരസ്കാരം,സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം,വള്ളത്തോൾ അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

# പഴഞ്ചൊല്ലുകൾ

## മഴ

* കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം
* ചിങ്ങത്തിലെ മഴ ചിരിച്ചും കരഞ്ഞും
* അന്തിക്കുവന്നവരും മഴയും ഒരു പോലെ
* മകരത്തിൽ പെയ്താൽ മലയാളം മുടിയും

## കൃഷി

* മുളയിലറിയാം മഴ
* നിലമറിഞ്ഞ് വിത്തിടണം
* വിള പുറത്തിട്ട് വേലി കെട്ടരുത്.
* ഞാറുറച്ചാൽ ചോറുറച്ചു.
* ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും.

തയ്യാറാക്കിയത്:അഷിതാ രാജ്

ആസ്വാദന കുറിപ്പ്

സന്ദൂപ്

# സുന്ദരി കാക്ക

*ഞാൻ വായിച്ച പുസ്തകമാണ് സുന്ദരി കാക്ക ജോൺ -*
*ആലുങ്കലിന്റെ ഒരു പ്രസിദ്ദമായ പുസ്തകമാണിത് ഈ*
*പുസ്തകം മലയാള ബാല സാഹിത്യത്തിലെ ഒരു സുന്ദ -*
*രമായ കൃതിയാണ് ഇതൊരു ചെറുകഥ കൂടിയാണ്*
*ഇതിലെ പ്രധാന കഥാപാത്രങ്ങളാണ് രണ്ട് കുട്ടികളും*
*കാക്കയും  ഇവരുടെ കഥയാണ് ഇതിൽ പറയുന്നത്*
*ഈ കഥ ബാല കൗമാര മനസുളെ മാത്രമല്ല മുതിർ -*
*വരെയും ഇത് രസിപ്പിക്കുന്നതാണ.*

*കവിത* *ആദിത്ത്യ ദാസ്*

# പൂമ്പാറ്റ



പൂവുകൾ തോറും പാറി നടക്കും പൂമ്പാറ്റേ

തേൻ കുടിക്കാൻ പോരുന്നോ

സുന്ദരിയല്ലേ നീയിപ്പോൾ

വർണ്ണചിറകുകൾ കിട്ടിയതെവിടെന്ന്

പൂവുകൾ തോറും പാറി നടക്കും പൂമ്പാറ്റേ.................

കഥ

വൈഷ്ണവി ബാബു

# സങ്കടങ്ങളിൽ നിന്ന് സന്തോഷത്തിലേക്ക്

*മഴ,കോരിത്തരിച്ചു വീഴുന്ന അതികഠിനമായ മഴ.ചിന്നു ജനാലയിലൂടെ പുറത്തേക്ക് നോക്കി.മഴ പെയ്യുന്ന ആ ഗ്രാമം കാണുമ്പോൾ അവൾക്ക് വളരെ ആഹ്ലാദം തോന്നി.അവൾ അവളുടെ വീൽചയറിലൂടെ പുറത്തേക്ക് പോയി.പുറത്തുള്ള വരാന്തയിലിരുന്ന് അവൾ മഴയെ കണ്ട് ആസ്വദിച്ചു.മഴയെ കണ്ടുകൊണ്ടിരിക്കുന്നതിനിടയിലായിരുന്നു അവൾ ആ കാഴ്ച കണ്ടത.അവളുടെ പ്രായമുള്ള കുറേ കുട്ടികൾ ബാഗും കുടയും എടുത്ത് ചളിയിൽ കാലിട്ട് തെന്നിത്തെറുപ്പിച്ച് സ്കൂളിലേക്ക് പോകുന്നത.അവൾക്ക് ആ കാഴ്ച കണ്ടപ്പോൾ തന്നെ അവളുടെ മനസ്സിൽ ഒരുപാട് മോഹങ്ങൾ വിടർന്നു.പെട്ടെന്ന് അവളുടെ അച്ഛൻ വന്നു അവളെ വിളിച്ചു.അപ്പോഴാണ് അവൾ സ്വപ്ന ലോകത്ത് നിന്ന് എഴുന്നേറ്റത.അപ്പോൾ അവളുടെ അച്ഛൻ അവളോട് ചോദിച്ചു.''എന്താണ് മോളേ നീ ചിന്തിക്കുന്നുണ്ടായത് ? ' '.അപ്പോഴാണ് മകളുടെ ആ വിഷമമുള്ള മറുപടി വന്നത.''അഛാ... എനിക്ക് പോകാനും ഈ ഗ്രാമം മൊത്തം കാണാനും എനിക്ക് വളരെ ആഗ്രഹമുണ്ട.എനിക്ക് നടക്കാൻ പറ്റാത്തത് കൊണ്ട് ഞാൻ ജനിച്ച് വീണത് മുതൽ ഞാൻ മുറിയിൽ തന്നെ.എന്റെ ഈ ഗ്രാമം കാണാനുള്ള ഭാഗ്യം പോലും എനിക്കുണ്ടായില്ല''.അവളുടെ ആ മറുപടി കേട്ടപ്പോൾ തന്നെ അച്ഛൻ മുറിയിൽ പോയി കിടന്ന് മകൾ പറഞ്ഞതിനെ കുറിച്ച് ആലോചിച്ചു.അപ്പോൾ അച്ഛൻ*

***ഞാൻ എന്റെ മകളുടെ ആഗ്രഹം തീർത്തിട്ടില്ലെങ്കിൽ ഞാൻഅച്ഛനാണെന്ന് പറഞ്ഞിട്ട് എന്ത് കാര്യം'.***







**സ്കൂൾ പ്രവർത്തന കാഴ്ചകൾ**






ജി.എഫ്.എച്ച്.എസ്. കാഞ്ഞങ്ങാട്





അശ്വിൻ മനോജ്

ഗണിത കോർണർ

# ശ്രീനിവാസ രാമാനുജൻ

ദ്ദരിദ്രനായി ജീവിതം നയിച്ച ഒരു സാധാരണക്കാരൻ ലോക പ്രശസ്ത ഗണിത ശാസ്ത്രജ്ഞനായ കഥയാണ് ശ്രീനാവാസ രാമാനുജന്റേത്.1887 ഡിസംബർ 22-ന് തമിഴ്നാട്ടിലെ ഈറോട്ടിലാണ് ജനനം.കോളേജ് വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കാനായില്ല.കാരണം കണക്ക് മാത്രമേ അദ്ദേഹം പഠിച്ചുള്ളൂ.മറ്റൊന്നും കാര്യമാക്കിയില്ല.

22ാം വയസ്സിൽ വിവാഹം കഴിഞ്ഞപ്പോൾ മദ്രാസിൽ ചെറിയൊരു ജോലി സംഘടിപ്പിച്ചു.അപ്പോഴും ഇഷ്ട വിഷയം കണക്ക് തന്നെ.തന്റെ കണ്ടത്തലുകളെല്ലാം അദ്ദേഹം പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു.അതിലൊരു ലേഖനത്തിൽ ആകൃഷ്ടനായി ഒരാൾ രാമാനുജന് കത്തെഴുതി.കേം ബ്രിഡ്ജ് സർവകലാശാലയിൽ പ്രൊഫസറായിരുന്ന ജി.എച്ച്.ഹാർഡി അദ്ദേഹത്തിന്റെ നിർബന്ധം മൂലം രാമാനുജൻ ഇംഗ്ലണ്ടിലെത്തി.

1914-ൽ പ്രശസ്തിയുടെ നാളുകളായിരുന്നു.പിന്നീട് അഞ്ച് വർഷം കൊണ്ട് 21 ഗവേഷണ ഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ദീകരിച്ചു.ലോകം മുഴുവൻ ആദരിക്കുന്ന ശാസ്ത്രജ്ഞനാവുകയും ചെയ്തു.ക്ഷയരോഗത്തിന്റെ പിടിയിലായ രാമാനുജൻ 1919-ൽ ഇന്ത്യയിൽ തിരിച്ചെത്തി.1920 ഏപ്രിൽ 26-ന് 30-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

*പുസ്തക പരിചയം*

*കൃഷ്ണപ്രിയ*

# ഓല പൂക്കൾ

ഓണ പൂക്കൾ എന്ന ബുക്ക് വിനോദ് വൈശാഗി എഴുതിയതാണ് . ഈ
പുസ്തകം കൊണ്ട് ഞാൻ കുറേ ഓല
കൊണ്ടുള്ള കളിപ്പാട്ടങ്ങളുടെ പേര്
പഠിച്ചു. എനിക്ക് ഓലകൊണ്ടുള്ള
കളിപാട്ടങ്ങൾ വളരെ ഇഷ്ടമാണ്
ഇത് വായിച്ച ശേഷം എനിക്ക് ഇതിൽ നിന്നും പുതിയ പുതിയ വാക്കുകൾ
ലഭിച്ചു മാത്രമല്ല ഇതിലെ ഓരോ കളിപാട്ട
ങ്ങളും ഞൻ എന്റെ അനിയന് ഉണ്ടാക്കി
കൊടുത്തു അത് കൊടുത്തു കഴിഞ്ഞപ്പോൾ
അവന് വളരെ സന്തോഷമായി അത് കണ്ട
പ്പോൾ എനിക്കും വളരെ സന്തോഷമായി
അവന്റെ സന്തോഷം കാണാൻ എനിക്ക്
വളരെ ഇഷ്ടമാണ് അത് കൊണ്ടാണ് ഞാൻ
അതൊക്കെ അവന് ഉണ്ടാക്കി കൊടുത്തത്
ഈ കഥ എഴുതിയ ആളോട് എനിക്ക് നന്ദി
പറയാൻ ആഗ്രഹമുണ്ട്.

കഥാപാത്രപരിചയം

ഫാത്തിമത്ത് റസ്മിയ

# എട്ടുകാലി മമ്മൂഞ്ഞ്

ആര് എന്തുപറഞ്ഞാലും ചെയ്തു കൊടുക്കുന്ന പരോപകാരിയാണ് എട്ടുകാലി മമ്മൂഞ്ഞ്.മൂക്കിന് ഇരുവശത്തേക്കും ഓരോ മുഴം നീളത്തിലുള്ള മീശ ഇയാളുടെ സവിശേഷതയാണ്.
കുറേകാലംമുമ്പ്ഭേദപ്പെട്ട ഒരു എട്ടുകാലിയായിരുന്നുവെന്നേ ഇയാളെ കണ്ടാൽ തോന്നു.തലവളരെ ചെറുതുംപൊക്കകുറവുമാണ് മമ്മൂഞ്ഞിനെ കാണുമ്പോൾ ഇങ്ങനെ തോന്നാൻ കാരണം.ചീട്ടുകളിക്കളത്തിൽനിന്നും മമ്മൂഞ്ഞിന് ലഭിച്ച പേര് "കോട്ടുമമ്മൂഞ്ഞ്"എന്നാണ്.

. "എട്ടുകാലി മമ്മൂഞ്ഞ്"എന്ന പേരിൽ എഴുതിയചെറുകഥയിലൂടെയാണ് മമ്മൂഞ്ഞിന്റെജീവിതം നമ്മൾ മനസ്സിലാക്കുന്നത്. പലകൃതികളിലും കടന്നുമറ്റുരുന്ന മമ്മൂഞ്ഞിന് നേടികൊടുത്തത്.തന്റേതല്ലാത്ത പ്രവൃത്തികളുടെ ഉത്തരവാദിത്തമേറ്റെടുത്ത്
***അബദ്ധത്ത്****ിൽ ചാടുന്ന സംഭവങ്ങളാണ.*

*വ്യക്തി പരിചയം*

*അനന്തകൃഷ്ണൻ.ഒ. വി*

# വയലാ വാസുദേവൻ പിള്ള (1945-2011)

*കൊല്ലം ജില്ലയിലെ വയലായിൽ ജനനം.നാടകകൃത്ത,സംവിധായകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു.തുളസീവനം,ഒരു പക്ഷിക്കുഞ്ഞിന്റെ മരണം,വിശ്വദർശനം,കുഞ്ഞി ചിറകുകൾ,വരവേൽപ് തുടങ്ങിയ നാടകങ്ങളും രംഗഭാഷ,സൂത്രധാരാ, ഇതിലേ തുടങ്ങിയ നാടകപഠന ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട.കേരള സംഗീത നാടക അക്കാദമി അവാർഡ,കേരള സാഹിത്യ അക്കാദമി അവാർഡ,കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ് എന്നിവ ലഭിച്ചു*

*കഥ* *റാഷിഫ*

# സ്നേഹത്തിന്റെകൈകൾ

മഴ ഇടിച്ചുകുത്തി പെയ്യുകയാണ്. ബാഗും കുടയുമെടുത്ത് മഴയത്ത് ആർത്തലച്ച് പോകുന്ന കുട്ടികളെ നോക്കി അനു ജനലരികിൽ തന്നെ നിന്നു. മധ്യ വേനലവധി കഴിഞ്ഞ് ഇടവപ്പാധിയുടെ വരവിനായി കാതോർത്തിരുന്ന കുട്ടികളുടെ ഇടയിലേക്ക്ഇടവപ്പാധിയുടെ

നീർമണികൾചൊരിഞ്ഞു കൊണ്ട് മഴ എത്തി.ഇന്ന് അവർക്ക് സന്തോ -

ഷമാണ്. ഇനി അവർക്ക് ആനന്ദത്തിന്റെ നാളുകൾ. പണ്ട് ഞാനും ഇങ്ങനെ ആയിരുന്നു. അനു ഓർത്തു പതിനഞ്ച് വർഷത്തിന് പിന്നോട്ടേക്ക് അനു കടന്നു പോയി.

പണ്ട് ഞാനും ഇങ്ങനെ ആയിരുന്നു കൂട്ടുകാ

രോടൊത്ത് മഴയത്ത് കളിച്ച് രസിച്ച് നനഞ്ഞ് മാത്രമേ സ്കൂളിൽ പോകൂ.

സ്കൂളിൽ എത്തിയാൽ നനഞ്ഞതു കൊണ്ട് ടീച്ചർ ക്ലാസിൽ കയറ്റാറില്ല. പിറ്റേന്ന് അച്ഛനേയും കൊണ്ട് സ്കൂളിലേക്ക് പോയി മാപ്പ് പറഞ്ഞ് ഇനി ഇത് ആവർത്തിക്കില്ല എന്ന് ഒരു ദൃഢ നിശ്ചയവും എടുക്കും ഇതാണ് പതിവ്. എന്നാലും ഞാനത് ആവർത്തിക്കും. വീട്ടിലേക്ക് പോകുമ്പോൾ അമ്മ കണ്ട് വഴക്ക് പറയും ഇതിന്റെയും മുഖ്യ കാരണം മഴ എന്നതാണ്. എന്നാൽ അച്ഛൻ എന്റെ ഒപ്പ മായിരിക്കും. അച്ഛനും അമ്മയ്ക്കും ഞാൻ ഒറ്റ മോളാണ്. അത് കൊണ്ട് പ്രത്യേക വാത്സല്യം എന്നോടവർ

*ക്കുണ്ട*

# നന്ദി.........

ലിറ്റിൽ കൈറ്റ്സിന്റെ മാഗസിനായ **"ബൈറ്റ്"** പ്രസിദ്ധപ്പെടുത്താൻ എല്ലാ പ്രോൽസാഹനങ്ങളും തന്ന് ഞങ്ങളെ സഹായിച്ച സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.പ്രഭാകരൻ സാർ,ഞങ്ങൾക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകി മാഗസിന്റെ കൂടെ പ്രവർത്തിച്ച എസ്.ഐ.ടി.സി.ശ്രീ.ചന്ദ്രൻ.എം പി,രചനകൾ തന്ന് സഹായിച്ച വിദ്ധ്യാർഥി-വിദ്ധ്യാർഥിനികൾ,സ്കൂൾ പി,ടി.എ ഭാരവാഹികൾ,അധ്യാപകർ,ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഔപചാരികതയുടെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു....................